പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4404 — 4/02/2014 ൽ മറുപടിയ്ക്ക്

## കൊടുവള്ളി സ്കൂളിൽ നിന്നും കല്ല്, പാറ, മണ്ണ് എന്നിവയുടെ മോഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.റ്റി.എ. റഹീം : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്കൂൾ ഭൂമിയിൽനിന്ന് കല്ല്, പാറ, മണ്ണ് എന്നിവ എടുക്കുവാനുള്ള അവകാശം പി.ടി.എ.കൾക്കാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണോ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള വസ്തു വകകൾ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണെങ്കിലും അവയുടെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. അവ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്തുവാനോ കുട്ടപ്പെടുത്തുവാനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല. |
| ബി) ഇങ്ങനെ എടുക്കുന്ന കല്ല്, പാറ, മണ്ണ് എന്നിവ സ്കൂളിന് ആവശ്യമില്ലാത്തപക്ഷം അവ അവിടെനിന്നും മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) സ്കൂളിന് ആവശ്യമില്ലാത്തപക്ഷം നിലവിലുള്ള നിയമങ്ങൾ അനുശാസിക്കും വിധം ലേലം ചെയ്ത് വിൽക്കാവുന്നതും ലഭിക്കുന്ന തുക സർക്കാരിൽ മുതൽക്കൂട്ടേണ്ടതുമാണ്. |
| സി) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽനിന്നും കഴിഞ്ഞ ക്രിസ്തുമസ് ഒഴിവുകാലത്ത് ലോഡുകണക്കിന് കല്ല് വെട്ടി കടത്തിക്കൊണ്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പോലീസിൽ പ്രധാനാദ്ധ്യാപകൻ പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആരെയെല്ലാമാണ് പ്രതികളെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയുമോ ; വ്യക്തമാക്കുമോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊടുവള്ളി സ്കൂൾ പ്രധാനാദ്ധ്യാപകൻ കൊടുവള്ളി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു. |

| | |
|---|---|
| ഡി) ഇങ്ങനെ സംഭവിച്ച നഷ്ടം നികത്തുന്നതിനും കല്ല് കടത്തിക്കൊണ്ടു പോയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) പോലീസ് കേസിലെ അന്തിമ തീരുമാനത്തിന് അനുസരിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ